# ചതിയന്റെ വാക്കുകേട്ടാൽ

പുനരാഖ്യാനം: **കവിത എം.**



പണ്ട് ഒരു കൊച്ചുവീട്ടിൽ മൂന്ന് ചങ്ങാതിമാർ സന്തോഷത്തോടെ ജീവിച്ചുപോന്നിരുന്നു. കീരിയും എലിയും കിളിയും. മൂന്ന് പേർക്ക് എങ്ങനെ ഒരു വീട്ടിൽ സമാധാനത്തോടെ ജീവിച്ചുപോകാമെന്ന് കാട്ടുവാസികൾക്ക് മാതൃകയാകുംവിധമായിരുന്നു അവരുടെ ജീവിതം.

ആഹാരം പാകം ചെയ്യുന്നതിന് കാട്ടിൽ പോയി ചുള്ളിക്കമ്പുകൾ കൊണ്ടുവരുന്നത് കിളിയായിരിക്കും. ആറ്റിൽപോയി വെള്ളം കൊണ്ടുവന്ന് , അടുപ്പിൽ തീ പൂട്ടി, തീൻമേശ വൃത്തിയാക്കി വെക്കുന്നത് എലിയായിരിക്കും. ആഹാരം രുചികരമായി പാകം ചെയ്ത് മേശയിൽ നിരത്തുന്നത് കീരിയും.

കാട്ടിൽ പല ജീവികൾക്കും അവരുടെ സൗഹൃദത്തിൽ അസൂയയും കുശുമ്പും ഉണ്ടായിരുന്നു. ഒരു ദിവസം വിറകൊടിക്കാൻ പോയ കിളിയെ ഗ്രാമത്തിൽ നിന്ന് കാട്ടിലെത്തിയ ഒരു കാക്ക കണ്ടുമുട്ടി.

കൂടുണ്ടാക്കാൻ ചുള്ളിക്കമ്പൊടിക്കുകയാണ് കിളി എന്നായിരുന്നു കാക്ക ആദ്യം കരുതിയത്. അടുത്തുകൂടിയപ്പോഴാണ് കാട്ടിലെ തങ്ങളുടെ വീടിനെക്കുറിച്ചും ചങ്ങാതിമാരെക്കുറിച്ചുമെല്ലാം കിളി പറഞ്ഞത്.

ഐക്യത്തോടെയുള്ള ആ ജീവിതം കാക്കയെ



ഇന്ത്യയിലെ ആദ്യത്തെ അച്ചടിശാല സ്ഥാപിച്ചത് ഗോവയിലാണ്



## വാക്സിൻ

ലോകത്തിലെ ആദ്യത്തെ വാക്സിൻ വസൂരി രോഗത്തിനെ തിരെയുള്ളതായിരുന്നു. ഇത് വികസിപ്പിച്ചെടുത്തത് എഡ്വാർഡ് ജെന്നർ ആണ്.

## വലിയദ്വീപ്

ലോകത്തിലെ ഏറ്റവും വലിയ ദ്വീപസമൂഹം ഇൻഡോനേഷ്യയാണ്. ഇൻഡോനേഷ്യൻ ദ്വീപായ ജാവയാണ് ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള ദ്വീപ്.

അസൂയാലുവാക്കി. എങ്ങനെയും ചങ്ങാതിമാരെ തമ്മിൽത്തല്ലിച്ച് ആ വീട് സ്വന്തമാക്കണമെന്ന് കാക്ക നിശ്ചയിച്ചുറപ്പിച്ചു. തഞ്ചത്തിൽ കാക്ക ഇങ്ങനെ പറഞ്ഞു: ‘‘നിങ്ങളുടെ സ്നേഹം എന്നെ സന്തോഷവാനാക്കുന്നു. പക്ഷേ നീയൊരു മണ്ടനാണോ എന്നെനിക്ക് സംശയം തോന്നുന്നു.’’

‘‘മണ്ടനോ, ഞാനോ... താങ്കൾക്ക് അങ്ങനെ തോന്നാൻ കാര്യം?’’

‘‘അത്, ചങ്ങാതീ.. കാടുകൾ തോറും നടന്ന് ഉണക്കച്ചുള്ളികൾ ശേഖരിച്ച് വീട് പുലർത്തുന്ന നീയറിഞ്ഞോ നിന്റെ ചങ്ങാതിമാർ എന്തൊക്കെയാണ് വീട്ടിൽ ചെയ്യുന്നതെന്ന്?’’

‘‘എന്റെ ചങ്ങാതിമാർ എന്നും ചെയ്യുന്ന ജോലി ചെയ്യുന്നു. വെള്ളം കൊണ്ടുവരികയും പാചകവും വീട് വൃത്തിയാക്കലുമൊക്കെത്തന്നെ... അതിലെന്താണ് ശരികേട്?’’

‘‘ഹ ഹ... അതാണ് നീയൊരു ശുദ്ധനാണ് എന്ന് ഞാൻ പറയാൻ കാര്യം.’’ കാക്ക തുടർന്നു:

‘‘വെള്ളം കോരുകയും തീ പൂട്ടുകയും ചെയ്താൽ പിന്നെ എലിക്ക് ഒരു പണിയുമില്ല. കീരി പാകം ചെയ്ത ആഹാരം തീൻമേശയിൽ എത്തിക്കുന്നതുവരെ അവൻ ഉറക്കമായിരിക്കും... ഇനി കീരിക്കാണെങ്കിൽ പരമസുഖം.. പാചകമെന്ന മട്ടിൽ ഉപ്പും മുളകും ചേർത്ത് അടുപ്പത്തു കയറ്റിവെച്ചു കഴിഞ്ഞാൽ അവന് പിന്നൊന്നും ചെയ്യേണ്ട.

എന്നാൽ കാട്ടിൽ നിന്ന് ചുള്ളി



ക്കമ്പുകൾ പറിച്ച് കൊണ്ടുവരുന്ന നിന്നെക്കുറിച്ചോർക്കുമ്പോൾ എനിക്ക് സങ്കടം തോന്നുന്നു, ചങ്ങാതീ..!’’

അന്ന് ഏറെ നിരാശനായിട്ടായിരുന്നു കിളി വീട്ടിലെത്തിയത്. ചങ്ങാതിമാരോട് കൂടുതൽ സംസാരിക്കാനൊന്നും നിൽക്കാ



# ഭൂവിജ്ഞാനീയം

ഭൂമിയെക്കുറിച്ചുള്ള ശാസ്ത്രമാണ് ജിയോളജി അഥവാ ഭൂവിജ്ഞാനീയം. ജിയോളജിയുടെ കണ്ടെത്തലുകൾ പുതിയ ശാസ്ത്രമേഖലകളെ സൃഷ്ടിച്ചിട്ടുണ്ട്. ജിയോ ഫിസിക്സ്, ജിയോ കെമിസ്ട്രി, ജിയോ ഹൈഡ്രോളജി, ഗ്ലേഷ്യോളജി, ഓഷ്യനോളജി തുടങ്ങിയവ ഉദാഹരണം.

ജിയോളജിക്ക് നിരവധി ഉപശാഖകളുണ്ട്. ഫിസിക്കൽ ജിയോളജി, മിനറോളജി, പെട്രോളജി, ഹിസ്റ്റോറിക്കൽ ജിയോളജി തുടങ്ങിയവ ഉദാഹരണം.

തെ അവൻ ചിന്താമൂകനായി കാണപ്പെട്ടു. പിറ്റേന്ന് നേരമായിട്ടും വിറക് ശേഖരിക്കാൻ പോകാതെ മൂകമായിരിക്കുന്ന കിളിയോട് എലിയും കീരിയും കാര്യമന്വേഷിച്ചു.

“ഇനി ഞാൻ വിറകുശേഖരിക്കാൻ കാട്ടിലേക്ക് പോകില്ല. നമുക്ക് നമ്മുടെ ജോലികൾ പരസ്പരം മാറ്റാം.”

ചങ്ങാതിയുടെ നിർദേശം കേട്ട് എലിയും കീരിയും അതിശയപ്പെട്ടു. ഇപ്പോൾ ചെയ്യുന്നതു പോലെത്തന്നെ തുടർന്നും ചെയ്യുന്നതാണ് ഉചിതമെന്ന് പറഞ്ഞിട്ടും കിളി സമ്മതിച്ചില്ല.

ഒടുവിൽ എലിയും കീരിയും കിളിയുടെ നിർദേശത്തിന് സമ്മതം മൂളി. അങ്ങനെ നറുക്കിട്ടെടുത്ത് ഓരോരുത്തരും ചെയ്യേണ്ട ജോലികൾ തീരുമാനിച്ചു.

അതുപ്രകാരം കാട്ടിൽപോയി വിറക് കൊണ്ടുവരാൻ കീരി പുറപ്പെട്ടു. എന്നാൽ ഏറെ നേരമായിട്ടും കീരിയെ കാണാഞ്ഞതിനാൽ കിളി അന്വേഷിക്കാനിറങ്ങി. കാടിന്റെ ഉള്ളിലേക്ക് ചെന്നപ്പോൾ കിളി ഒരു കാഴ്ച കണ്ടു. ഒരു ചെന്നായ നാക്ക് നൊട്ടിനുണയുന്നു. തൊട്ടരികിൽ ഒരു രോമക്കൂനയും. കിളി കാര്യമന്വേഷിച്ചപ്പോൾ തിളങ്ങുന്ന കണ്ണുകളോടെ ചെന്നായ ഇങ്ങനെ പറഞ്ഞു:

“അവൻ ഇപ്പോൾ എന്റെ വയറ്റിലുണ്ട്. കൂട്ടുകാരനൊപ്പം നിനക്കും ചേരണോ..?”

പേടിച്ചുവിറച്ചുകൊണ്ട് കിളി വീട്ടിലെത്തി കാര്യം എലിയോട് പറഞ്ഞു.

ഇനി എന്തു ചെയ്യാൻ? തങ്ങൾ രണ്ടുപേർക്കും കൂടി ശേഷിച്ച ജോലികൾ ചെയ്യാമെന്ന് ഇരുവരും തീരുമാനിച്ചു.

അങ്ങനെ വെള്ളം കൊണ്ടുവരാൻ പാത്രവുമായി പോയ എലി പാത്രത്തിലെടുത്ത വെള്ളത്തിന്റെ ഭാരം കാരണം പുഴയിൽ മുങ്ങിപ്പോയി. എലി പിന്നെ കരക്കണഞ്ഞതുമില്ല.

ചങ്ങാതി വെള്ളവുമായി വരുമ്പോഴേക്കും തീ പൂട്ടാമെന്ന് കരുതി തീ കത്തിച്ച കിളി അറിയാതെ തീയിലേക്ക് വീണ് കത്തിച്ചാമ്പലായി.

ചങ്ങാതിമാർക്ക് പിണഞ്ഞ ദുരന്തം ശരിക്കും ആസ്വദിച്ച കാക്കയും ചങ്ങാതിമാരുമായി പിന്നെ ആ വീടിന്റെ അവകാശികൾ. നോക്കണേ, ചതിയന്റെ വാക്ക് കേട്ടാലുള്ള അവസ്ഥ!

✦


ചെമ്പിനോടൊപ്പം സിങ്ക് ചേർന്ന ലോഹസങ്കരമാണ് പിച്ചള.